# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 330 — 15.12.2014-ൽ മറുപടിയ്ക്ക്

എന്റെ മരം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.എൻ പ്രതാപൻ<br>„ സണ്ണി ജോസഫ്<br>" പി.എ.മാധവൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) എന്റെ മരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിച്ച്, ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും, വായു മലിനീകരണത്തെയും ചെറുക്കുക, മണ്ണ് - ജല സംരക്ഷണം ഉറപ്പുവരുത്തുക, സാധാരണ ജനങ്ങൾക്ക് തടി വിറക് എന്നിവ ലഭ്യമാക്കുക, സ്വകാര്യ കൈവശ സ്ഥലങ്ങളിലെ തടി ലഭ്യത വർദ്ധിപ്പിക്കുക, വൃക്ഷവൽക്കരണം, വന്യജീവി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം, ഹരിതവൽക്കരണം മുഖേന ലഭ്യമാകുന്ന പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം സ്കൂൾ വിദ്യാർത്ഥികളിൽ സൃഷ്ടിച്ച് പ്രകൃതി സംരക്ഷണത്തെ പരിപോഷിപ്പിക്കുക എന്നിവയാണ് "എന്റെ മരം" പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) കൃത്രിമ വനം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വനസംരക്ഷണത്തിൽ താൽപര്യം ഉണ്ടാകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | ബി) സംസ്ഥാനത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കൂളുകൾ മുഖേന വനം വകുപ്പ് സൗജന്യമായി വിവിധയിനം വൃക്ഷത്തൈകൾ 'എന്റെ മരം പദ്ധതി' യിലൂടെ വിതരണം ചെയ്തുവരുന്നു. ടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള സാങ്കേതിക ഉപദേശവും വനം വകുപ്പ് നൽകുന്നുണ്ട്. തൈകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുക, വിദ്യാർത്ഥികൾ ടി തൈകൾ നട്ട് |

പരിപാലിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുക, തൈ പരിപാലനം, അതിജീവനം എന്നിവയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ എഴുതി സൂക്ഷിക്കുന്ന രേഖകൾ പരിശോധിക്കുക, അതിജീവനം സംബന്ധിച്ച റിപ്പോർട്ട് ജില്ലാതല കമ്മിറ്റിക്ക് സമർപ്പിക്കുക എന്നിവ നിർവഹിച്ചുവരുന്നത് ബന്ധപ്പെട്ട സ്ഥലത്തെ ഫോറസ്റ്റർ ചെയർമാനും, വാർഡ് മെമ്പർ, പി.ടി.എ പ്രതിനിധി, ടീച്ചർമാരുടെ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി എന്നിവർ അംഗങ്ങളായും ഉള്ള സ്കൂൾ ലെവൽ കമ്മിറ്റിയാണ്. ജില്ലകളിലെ ടി പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ബന്ധപ്പെട്ട വിദ്യാഭാസ ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിക്കാണ്.

മേൽപറഞ്ഞത് കൂടാതെ, ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് വന സംരക്ഷണത്തിൽ താൽപര്യമു ണ്ടാക്കുന്നതിലേക്കായി പ്രകൃതിപഠന ക്യാമ്പുകൾ വനം വകുപ്പ് നടത്തി വരുന്നു ണ്ട്. വിദ്യാർത്ഥികൾക്കായി പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചിത്രരചന/സാഹിത്യ രചന മത്സരങ്ങൾ സംഘടിപ്പിച്ച്, മികച്ചവ ക ണ്ടെത്തി സാക്ഷ്യപത്രങ്ങളും, സമ്മാനങ്ങളും നൽകുന്നു ണ്ട്

| | | | |
|---|---|---|---|
| സി) | എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കിവരുന്നത് ; വിശദമാക്കാമോ ; | സി) | സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ടി പദ്ധതി. വനം വകുപ്പ് കേരളമൊട്ടാകെയുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ |

സൗജന്യമായി നൽകുകയും തുടർന്ന്, ടി വൃക്ഷത്തൈകൾ വിദ്യാർത്ഥികൾ അവരുടെ വീട്ടുവളപ്പിലോ, സ്കൂൾ വളപ്പിലോ അനുബന്ധമായ മറ്റ് പൊതുസ്ഥലങ്ങളിലോ വച്ചുപിടിപ്പിച്ചു പരിപാലിച്ചു വരുന്നു.

| | | | |
|---|---|---|---|
| ഡി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | സംസ്ഥാന വനം വകുപ്പും, വിദ്യാഭ്യാസ വകുപ്പും സ്കൂൾ അധികൃതരും ചേർന്ന് സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ